അനാഥാലയങ്ങളുടെ പ്രവർത്തനം

76 (1804) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഏതെല്ലാം മാനേജ്മെന്റിന്റെ കീഴിലാണെന്നും വ്യക്തമാക്കുമോ ;

(ബി) അനാഥാലയങ്ങളുടെ ഗ്രാന്റ് ഇപ്പോൾ എത്രയാണെന്നും പ്രസ്തുത ഗ്രാന്റ് എന്ന് നിലവിൽ വന്നതാണെന്നും കാലികമായി ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) അനാഥാലയങ്ങളിൽ പഠിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ ക്ഷേമവകുപ്പ് നേരിട്ട് കലാകായികമൽസരങ്ങൾ നടത്തി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഗ്രേസ് മാർക്ക് നൽകാൻ തയ്യാറാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെകീഴിൽ അംഗീകാരമുള്ള 1655 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനാഥാലയങ്ങളുടെ ഗ്രാന്റ് 1-4-2010 മുതൽ പ്രാബല്യത്തിൽ 200 രൂപയിൽനിന്ന് 250 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) അനാഥാലയങ്ങളിൽ പഠിക്കുന്ന അന്തേവാസികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ നിയമങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാകായിക മത്സരങ്ങളിൽ സമ്മാനാർഹരാകുന്നവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നുണ്ട്. അനാഥാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സാമൂഹ്യക്ഷേമവകുപ്പ് നേരിട്ട് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും ഗ്രേസ് മാർക്ക് നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ നിയമനം

77 (1805) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗക്ഷേമ കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചത് എന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര, താൽക്കാലികക്കാരെത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly